കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്
# 2016-17

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1705/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 680 020

ഫോൺ നം. 0487 2331249

ഇ-മെയിൽ: dotsr.ksad@kerala.gov.in

തീയതി : 27.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂർ ബ്ലോക്ക്പഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-6, 3-14 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)1705/2017 തിയ്യതി: 27.11.2017

<u>തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17</u>
<u>സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.04.2017 മുതൽ 14.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2016 മുതൽ 31-03-2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-11-2017 മുതൽ<br>21-11-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി .ഷൈനി കൃഷ്ണദാസ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .രേഖ.സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.എ.വി.സുമതി,<br>01.04.2016 മുതൽ 31.03.2017 വരെ | |
| സെക്രട്ടറി | ശ്രീ.ആർ. അജയകുമാർ | 01.04.16 മുതൽ 27.06.16 FN വരെ |
| | ശ്രീ.ബി.എൽ.ബിജിത്ത് | 27.06.16 AN മുതൽ 29.08.16 FN വരെ |
| | ശ്രീ.പി.എച്ച്.ഷൈൻ | 29.08.16 AN മുതൽ 31.10.16 FN വരെ |
| | ശ്രീ.കെ.വി. രാമചന്ദ്രൻ (ബി.ഡി.ഒ ഇൻ ചാർജ്ജ്) | 31.10.16 മുതൽ 31.03.17 വരെ |
| നിർവ്വഹണോദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.സി.ജി.പീറ്റർ. | 01.04.16 മുതൽ 31.03.17 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി. പഴഞ്ഞി | ഡോ. രാധാ പറമ്പേരി | 01.04.16മുതൽ 30.11.16 വരെ |
| | ഡോ.സന്ദീപ് .ആർ | 01.12.16 മുതൽ 31.03.17 വരെ |
| പട്ടികജാതി വികസന ഓഫീസർ, ചൊവ്വന്നൂർ | ശ്രീ.ജോസഫ് ജോർജ്ജ് | 01.04.16 മുതൽ 16.08.16FNവരെ |
| | ശ്രീമതി. ബി.സി. സുഗുണാഭായ് | 16.08.16 മുതൽ 31.03.17 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ)ചൊവ്വന്നൂർ | ശ്രീമതി.ജയശ്രീ.എസ്. | 01.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ചൊവ്വന്നൂർ | ശ്രീമതി.ടിസ്സമ്മ തോമസ് | 01.04.16മുതൽ 22.09.16 വരെ |
| | ശ്രീമതി.സരസ്വതി.എൻ.കെ | 23.09.16 മുതൽ 05.10.16FNവരെ |
| | ശ്രീമതി. റീനജോൺ | 05.10.16 മുതൽ 31.03.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചൊവ്വന്നൂർ | ശ്രീമതി.മഞ്ജൂഷ.ടി.വി. | 01.04.16 മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>


| നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | രജിസ്റ്ററുകളുടെ പരിപാലനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| | വരവിനങ്ങളിൽ നിരീക്ഷണങ്ങളില്ല | |

| | | |
|---|---|---|
| ഭാഗം 3 | | |
| 11 | ജൈവമാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 3-1 |
| 12 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ചൊവ്വന്നൂർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-2 |
| 13 | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പഴഞ്ഞി നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-3 |
| 14 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) ചൊവ്വന്നൂർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-4 |
| 15 | കുടിവെള്ള പദ്ധതികൾ - അപാകതകൾ | 3-5 |
| 16 | പട്ടിത്തടം വിളക്കത്തല എസ്.സി. കുടിവെള്ള പദ്ധതി - പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു. | 3-6 |
| 17 | വൈദ്യുത കണക്ഷൻ ലഭ്യമാകാത്തതിനാൽ കുടിവെള്ള പദ്ധതികൾ പ്രവർത്തനസജ്ജമായിട്ടില്ല. | 3-7 |
| 18 | കാന്റീൻ അറ്റകുറ്റപ്പണികൾ - വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. | 3-8 |
| 19 | നെടുമ്പായിൽ കോളനി റോഡ് - തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 3-9 |
| 20 | വട്ടമാവ് എസ്.സി കോളനി അംഗൻവാടി വികസനം - ചുറ്റമതിൽ നിർമ്മാണം പുരോഗമിക്കുന്നു. | 3-10 |
| 21 | ഇന്റസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ - പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയില്ല. | 3-11 |
| 22 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം - അപാകതകൾ | 3-12 |
| 23 | പി.എം.എ.വൈ അധിക വിഹിതം - ജനറൽ , എസ്.സി പദ്ധതികൾ - അപാകതകൾ | 3-13 |
| 24 | നായാടി കോളനി സമഗ്രവികസനം - റോഡ് കോൺക്രീറ്റ് ചെയ്തതിലൂടെ കോളനി വാസികളുടെ യാത്രാ ക്ലേശത്തിന് പരിഹാരമായി. | 3-14 |
| 25 | ഐ.എ.വൈ ഭവന നിർമ്മാണം- അപാകതകൾ | 3-15 |
| ഭാഗം 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 476418400 രൂപയും ചെലവ് 476494100 രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 31-07-2017 |

### 1-3 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. യൂണിയൻ ബാങ്ക് - നിർമ്മൽ പുരസ്കാർ അക്കൗണ്ടിന്റെ രസീപ്റ്റ് ആന്റ് പേയ്മെന്റ് 40 (b) പ്രകാരമുള്ള നീക്കിയിരിപ്പ് 2404472 രൂപയാണ് . എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് 2293751 എന്നാണ്.

3.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Advance to Implimenting Agencies – Deposit with Kerala Water Authority എന്ന ഹെഡ്ഡിൽ 2468939 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ആണ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്.

### 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 31170711 |
| വരവ് | 55680454 |
| ആകെ | 86851165 |
| ചെലവ് | 60545620 |
| നീക്കിയിരിപ്പ് | 26305545 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | 2016-17 അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് (RP40b) | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28819607 | 15845604 | 12974003 | 54.98 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16474170 | 5519752 | 10954418 | 33.51 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 35859 | 0 | 35859 | 0 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 0 | 4484031 | 3247324 | 1236707 | 72.42 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 85 | 53431404 | 32 | 24612680 | 12 | 41 | 37.64% |

## 1-7 തനതു വരുമാനം

വിവര ശേഖരണത്തിലൂടെ ലഭ്യമാക്കിയ കണക്കുകളിൽ നിന്ന് സ്ഥാപനത്തിന് തനതുവരുമാനത്തിൽ 8.07% കുറവ് ഉണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം %ൽ |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 114101 | 104888 | -9212 | (-)8.07% |
| ആകെ | 114101 | 104888 | -9212 | (-)8.07% |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-11-2016 | 2015-16,2016-17 | 11.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-01-2015 | 2009-10 മുതൽ 2013-14 വരെ | 23.11.2015 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 .

വരവിനങ്ങളിൽ നിരീക്ഷണങ്ങളില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജൈവമാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം. 59/17
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
ബിൽ നം 21/16-17 തിയതി 10.3.17 തുക 200500

കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ഉറവിട മാലിന്യ സംസ്കരണ യൂണിറ്റ് ( പ്രോജക്ട് നമ്പർ 190/17, തുക 55500), ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ ( പ്രോജക്ട് നമ്പർ 194/17, തുക 145000) എന്നീ രണ്ട് പദ്ധതികളുടെ നടത്തിപ്പുകളിലേക്കായി ബ്ലോക്ക് വിഹിതമായി മേൽ ബില്ല് പ്രകാരമുള്ള തുക പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറിയിട്ടുണ്ട്. ഇതിൽ 45000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. 155500 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ 155500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 ചൈൽഡ് ഡവലപ്മെൻറ് പ്രോജക്ട് ഓഫീസർ ചൊവ്വന്നൂർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

പദ്ധതി നമ്പർ – so108/17

പദ്ധതിയുടെപേര്: ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്

പദ്ധതി അടങ്കൽ – 1225000 രൂപ

ചെലവ് – 1225000 രൂപ

ട്രഷറി ബിൽ നമ്പർ – 1/16-17 തീയ്യതി 17.11.2016, തുക 250000/-

ട്രഷറി ബിൽ നമ്പർ – 2/16-17 തീയ്യതി 31.01.17, തുക 975000/-

മേൽ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയ തുക താഴെചേർക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ബ്ലോക്ക് വിഹിതം |
|---|---|---|
| 1 | വേലൂർ | 250000 |
| 2 | കടവല്ലൂർ | 200000 |
| 3 | കാട്ടകാമ്പാൽ | 180000 |
| 4 | പോർക്കുളം | 95000 |
| 5 | ചൊവ്വന്നൂർ | 150000 |
| 6 | ചൂണ്ടൽ | 145000 |
| 7 | കടങ്ങോട് | 115000 |
| 8 | കണ്ടാണശ്ശേരി | 90000 |
| | ആകെ | 1225000 |

മേൽ തുകകൾക്ക് കടങ്ങോട്, കണ്ടാണശ്ശേരി, പോർക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ നല്കിയ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് നല്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 63400 രൂപയും കാട്ടകാമ്പാലിന്റേതു പ്രകാരം 14975 രൂപയും ബാക്കിയുണ്ട്. ആയത് എത്രയും പെട്ടെന്ന് തിരിച്ചടവാക്കേണ്ടതാണ്. കടങ്ങോട്, കണ്ടാണശ്ശേരി, പോർക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ വശം ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ ആയതും എത്രയും പെട്ടെന്ന് തിരിച്ചടവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 7/17 തീയതി 17.11.17)

## **3-3** മെഡിക്കൽ ഓഫീസർ സി.എച്ച്.സി പഴഞ്ഞി നടപ്പാക്കിയപദ്ധതികളിലെ അപാകതകൾ

പദ്ധതി നമ്പർ soo27/17

പ്രോജക്ട് **–** വനിതകൾക്കായി അർബുദ രോഗ നിർണ്ണയ ക്യാമ്പ്

പദ്ധതി അടങ്കൽ – 200000 രൂപ

ചെലവ് – 200000 രൂപ

ട്രഷറി ബിൽ നമ്പർ -2/16-17, തീയ്യതി 02.03.17

മേൽ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി തലത്തിലുള്ള ക്യാമ്പുകൾ നടത്തുന്നതിലേക്കായി 19000 രൂപ വീതം സി.എച്ച്.സി പരിധിയിലുള്ള 8 പി.എച്ച്.സികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ 48000 രൂപ ബ്ലോക്ക് സി.എച്ച്.സി (സി.എച്ച്.സി പഴഞ്ഞി) യിൽ ക്യാമ്പ് നടത്തിയതിനും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പി.എച്ച്.സി പെരുമ്പിലാവിന് നൽകിയ 19000 രൂപക്കുള്ള ചെലവ് വൗച്ചറുകൾ പരിശോധനക്ക് നൽകേണ്ടതാണ്. വൗച്ചറുകളുടെ അഭാവത്തിൽ 19000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നംപർ soo57/17

പ്രോജക്ടിന്റെ പേര് **–** പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കമ്പ്യൂട്ടർ വാങ്ങൽ

പദ്ധതി അടങ്കൽ – 100000 രൂപ

ചെലവ് – 99800 രൂപ

ട്രഷറി ബിൽ നമ്പർ-1/16-17, തീയ്യതി 28.12.13

പദ്ധതി നമ്പർ s0057/17 പ്രകാരം 3 കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് അനുമതി. എന്നാൽ 2 കമ്പ്യൂട്ടർ, 3 യു.പി.എസ്, 2 പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതായി രേഖകളില്ല. (ഓഡിറ്റ് എൻക്വയറി നംപർ 15/17 തീയതി 21.11.17). പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നമ്പർ s0026/17

പ്രോജക്ടിന്റെ പേര് – പെയിൻ & പാലിയേറ്റീവ് പഞ്ചായത്തുകൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ധനവിഹിതം

പദ്ധതി അടങ്കൽ – 1180635 രൂപ

ചെലവ് – 600000 രൂപ

ട്രഷറി ബിൽ നമ്പർ – 3/16-17, തീയ്യതി-18.03.17 തുക 500000/-

ട്രഷറി ബിൽ നമ്പർ – 4/16-17 തീയ്യതി-27.03.17 തുക 100000/-

മേൽ പദ്ധതിയുടെ ഭാഗമായി 6 പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം അനുവദിച്ചിട്ടുണ്ട്

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ബ്ലോക്ക് വിഹിതം |
|---|---|---|
| 1 | കണ്ടാണശ്ശേരി | 100000 |
| 2 | കടവല്ലൂർ | 100000 |
| 3 | കാട്ടകാമ്പാൽ | 100000 |
| 4 | പോർക്കുളം | 100000 |
| 5 | ചൊവ്വന്നൂർ | 100000 |
| 6 | കടങ്ങോട് | 100000 |
| | ആകെ | 600000 |

തുക ലഭിച്ചതിന് സ്ഥാപനം നല്കിയ കൈപ്പറ്റ് രസീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു നല്കിയിട്ടില്ല. ആയതിനാൽ
600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 8/17 തീയതി 17/11/17)

## 3-4 അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) ചൊവ്വന്നൂർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

പദ്ധതി നമ്പർ – s0025/17

പദ്ധതി- പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി

പദ്ധതി അടങ്കൽ – 200000 രൂപ

ചെലവ് – 28000 രൂപ

ട്രഷറി ബിൽ നമ്പർ -3/16-17, തീയ്യതി-30.03.17

പദ്ധതിയുടെ ഭാഗമായി കണ്ടാണശ്ശേരി, പോർക്കുളം , ചൊവ്വന്നൂർ കൃഷിഭവനകളുടെ പരിധിയിലുള്ള വിവിധ സംഘങ്ങൾക്കായി ആകെ 28000 രൂപ പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി ഇനത്തിൽ നല്കിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീതി പരിശോധനക്ക് നൽകിയിട്ടില്ല. കൈപ്പറ്റ് രശീതിയുടെ അഭാവത്തിൽ 28000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നംപർ 11/17 തീയതി 20/11/17)

## 3-5 <u>കുടിവെള്ള പദ്ധതികൾ - അപാകതകൾ</u>

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 13 കുടിവെള്ള പദ്ധതികളാണ് ഓഡിറ്റ് വർഷം അസി.എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ രീതി | അടങ്കൽ | ചെലവ്, ബിൽ നമ്പർ,തീയതി. | കരാറുകാരൻ | പ്രവൃത്തി ആരംഭിച്ച തീയതി/ കരാറിൽ ഏർപ്പെട്ട തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | 8/17,നമ്പടി പറമ്പ് കുടിവെള്ളപദ്ധതി, കാട്ടകാമ്പാൽ | ഡെപ്പോസിറ്റ് വർക്ക് (GWA) | 2,95,190 | 2,58,939 13/16-17 18-3-17 | - | ലഭ്യമല്ല | ലഭ്യമല്ല |
| 2 | 128/17, ഇയ്യാൽ മഹാത്മ കുടിവെള്ള പദ്ധതി | ഗുണഭോക്തൃ സമിതി | 254800 | 245000 13/16-17 14-2-17 | ലളിത.എം.കെ (കൺവീനർ) | 1-10-15 | 16-11-16 |
| 3 | 127/17,പത്തങ്ങാടി നേതാജി റോഡ് കുടിവെള്ള പദ്ധതി | ടെണ്ടർ | 2,91,000 | 285000 | ടി.നാരായണൻ | 4-3-16 | 17-2-17 |
| 4 | 14/17, ചൂണ്ടൽ കുന്നത്തങ്ങാടി കുടിവെള്ള പദ്ധതി | ,, | 133132 | 119970 18/16-17 18-3-17 | ,, | 4-3-16 | 9-2-17 |
| 5 | 123/17,പൂശപ്പിള്ളി കുടിവെള്ള പദ്ധതി | ,, | 6,70,000 | 5,75,929 20/16-17 18-3-17 | ,, | 31-3-15 | 16-2-17 |
| 6 | 129/17,ചിറമനങ്ങാട് രാജീവ് നഗർ കുടിവെള്ള പദ്ധതി | ,, | 8,16,500 | 8,00,000 23/16-17 31-3-17 | പി.സി. ദേവസ്സി | 4-3-16 | 5-3-17 |
| 7 | 17/17,ഇയ്യാൽ വാലിപറമ്പ് | ,, | 11,00,000 | 5,85,725 25/16-17 | സിംസൺവിൻസന്റ് | 4-3-16 | 10-3-17 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എസ്.സി.കോളനി കുടിവെള്ള പദ്ധതി | | | 31-3-17 | | | Part Bill |
| 8 | 126/17, തോങ്ങല്ലൂർ കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം | ,, | 3,89,000 | 81,920 27/16-17 31-3-17 | പി.ആർ.സുരേന്ദ്രൻ | 4-3-16 | 29-6-17 |
| 9 | 18/17, പട്ടിത്തടം വിളക്കത്തല എസ്.സി. കുടിവെള്ള പദ്ധതി | ,, | 3,00,000 | 85,470 28/16-17 31-3-17 | ടി. നാരായണൻ | 19-12-15 | 25-4-16 |
| 10 | 130/17 ചൊവ്വന്നൂർ വനിത വ്യവസായ കെട്ടിട പരിസരം കുടിവെള്ള പദ്ധതി | ,, | 7,61,377 | 2,25,477 29/16-17 31-3-17 | സിംസൺവിൻസന്റ് | 4-3-16 | 10-3-17 |
| 11 | 11/17ചൂണ്ടൽ, മുതിരപ്പറമ്പത്ത് കുടിവെള്ള പദ്ധതി | ,, | 2,20,830 | 52,920 29/16-17 31-3-17 | ടി. നാരായണൻ | 4-3-16 | 19-3-17 |
| 12 | 35/17, ഐനിക്കുളങ്ങര കുടിവെള്ള പദ്ധതി പൂർത്തീകരണം | ,, | 1,77,198 | 1,55,000 7/16-17 22-12-16 | ,, | 4-3-16 | 15-5-16 |
| 13 | 16/17, കോട്ടപ്പുറം എസ്.സി.കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | ,, | 2,00,000 | 1,80,488 8/16-17 22-12-16 | പി.ആർ സുരേന്ദ്രൻ | 4-3-16 | 3-11-16 |

മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. കുടിവെള്ള പദ്ധതികൾക്ക് ടെണ്ടർ ലഭിച്ച കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയതിന്റെയും, സ്ഥലം ഹാന്റ് ഓവർ ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പ്രവൃത്തി ആരംഭിച്ച തീയതി എന്നാണെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയായിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വന്നതിന് കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ ഈടാക്കുകയോ, സമയം നീട്ടിക്കൊടുത്തുകൊണ്ടുള്ള കമ്മറ്റി തീരുമാനങ്ങളോ ഫയലിൽ ലഭ്യമായില്ല.

3. പൂർത്തീകരിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികളെ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

4. എസ്.സി. കുടിവെള്ള പദ്ധതികൾ ഒഴികെയുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃവിഹിതം (10%) പരമാവധി സമാഹരിക്കേണ്ടതാണ്. (ജി.ഒ.(എം.എസ്)നം. 4/2016/ത.സ്വ.ഭ.വ. തീയതി 11-1-2016). ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

5. കുടിവെള്ള പദ്ധതികൾ പൂർത്തിയായവ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണ്. തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതാണ്. ആയതിന്റെ രേഖകൾ ഒന്നും ഫയലുകളിൽ ലഭ്യമായില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 03/16-17 തീയതി - 17-11-2017) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മറ്റുള്ള അപാകതകൾ പരിഹരിച്ചതിന് ഉപോൽബലകമായ രേഖകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിയമപരമായ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 പട്ടിത്തടം വിളക്കത്തല എസ്.സി. കുടിവെള്ള പദ്ധതി - പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു.

പ്രോജക്റ്റ് നമ്പർ - 18/17

അടങ്കൽ - 3,00,000/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സി. എഞ്ചിനീയർ.

കരാറുകാരൻ - ടി. നാരായണൻ

ബിൽ തുക - 85,470/- തീയതി 31.03.17

ചെലവ് - 85,470/- രൂപ.

പട്ടിത്തടം വിളക്കത്തല എസ്.സി.കുടിവെള്ള പദ്ധതിയുടെ (സ്പിൽ ഓവർ) പ്രവൃത്തിക്കുവേണ്ടി കരാർ ലഭിച്ച കരാറുകാരനുമായി 25-4-2016 ന് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ, പദ്ധതി ലക്ഷ്യം കൈവരിക്കാതെ അവസാനിപ്പിച്ചിട്ടുള്ളതായി കണ്ടു. പദ്ധതിക്കായി ആദ്യ കുഴൽ കിണർ കുഴിച്ചിട്ട് ജലം ലഭ്യമല്ലാത്തതിനാലും, രണ്ടാമത് കിണർ കുഴിക്കുന്നതിന് സ്ഥലം ലഭിക്കാത്തതിനാലും പ്രവൃത്തി അവസാനിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കരാറുകരൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ട് ചെയ്തു തീർത്ത പ്രവൃത്തിയുടെ തുക കരാറുകാരന് കൈമാറുകയാണുണ്ടായത്. ജലലഭ്യത സംബന്ധിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കേണ്ടി വരുന്നത് പദ്ധതി ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ടി പദ്ധതിയുടെ തുടർ പ്രവൃത്തികൾ എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 05/16-17 തീയതി - 17-11-2017) ലഭ്യമാക്കിയ മറുപടിയിൽ, രണ്ടാമത് കുഴൽ കിണർ കുഴിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല എന്നും, 2017-18ൽ പുതിയ പദ്ധതി പ്രോജക്ടായി വെച്ചതിനാലാണ് പഴയത് ഉപേക്ഷിച്ചത് എന്നും അറിയിച്ചു.

ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കേണ്ടിവന്ന പ്രസ്തുത പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 85,470/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരാമത്ത് പ്രവർത്തികൾ ആരംഭിച്ചതിനുശേഷം ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുവാൻ അധികൃതർ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്.

## 3-7 വൈദ്യുത കണക്ഷൻ ലഭ്യമാകാത്തതിനാൽ കുടിവെള്ള പദ്ധതികൾ പ്രവർത്തനസജ്ജമായിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ പ്രവർത്തന സജ്ജമാകാത്ത കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ്, ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | 17/17, ഇയ്യാൽ വാലിപറമ്പ് എസ്.സി.കോളനി കുടിവെള്ള പദ്ധതി | 11,00,000 | 5,85,725/- 25/16-17, 31-3-17 |
| 2 | 130/17, ചൊവ്വന്നൂർ വനിത വ്യവസായ കെട്ടിട പരിസരം കുടിവെള്ള പദ്ധതി | 7,61,377 | 2,25,477/- 29/16-17, 31-3-17 |

വൈദ്യുത കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, കുടിവെള്ള പദ്ധതികൾ പ്രവർത്തനസജ്ജമാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതുമാണ്.

## 3-8 <u>കാന്റീൻ അറ്റകുറ്റപ്പണികൾ - വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.</u>

പ്രോജക്ട് നമ്പർ - 138/17

പ്രോജക്ടിന്റെ പേര് - ബ്ലോക്ക് ഓഫീസ് മെയിന്റനൻസ്

ആകെ അടങ്കൽ - 12,23,776/-

തൻവർഷ അടങ്കൽ - 95,000/-

ചെലവ് - 90,326/-

ട്രഷറി ബിൽ നമ്പർ - 16/16-17, തീയതി - 18-3-17.

2015-16 സ്പിൽ ഓവർ പ്രോജക്ടായ ബ്ലോക്ക് ഓഫീസ് മെയിന്റനൻസ് പ്രോജക്ടിൽ ഉൾപ്പെട്ട കാന്റീൻ അറ്റകുറ്റപ്പണികൾക്കായി 2016-17 സാമ്പത്തിക വർഷം 90,326/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്ലമ്പിംഗ്, ഗ്രിൽ സ്ഥാപിക്കൽ തുടങ്ങിയ ഇനങ്ങളെല്ലാം ചെയ്തിട്ടുള്ളതാണ്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ കാന്റീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതും, കാന്റീൻ പ്രവർത്തനസജ്ജമാക്കേണ്ടതുമാണ്.

## 3-9 <u>നെടുമ്പായിൽ കോളനി റോഡ് - തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.</u>

2016-17 സാമ്പത്തിക വർഷം മൂല്യനിർണ്ണയം നടത്തി പണം നൽകിയ (First & Part Bill) നെടുമ്പായിൽ കോളനി റോഡിന്റെ തുടർ പ്രവൃത്തികൾ (റീ ടാറിംഗ്) നാളിതുവരെ ആരംഭിച്ചിട്ടില്ല. കരാർ പ്രകാരം 3 മാസത്തിനുള്ളിൽ (06/2017ൽ) പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ടി പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | അടങ്കൽ | ട്രഷറി ബിൽ നമ്പർ, തീയതി | ചെലവ് | കരാറുകാരൻ |
|---|---|---|---|---|
| 95/17, | 7,00,000 | 30/16-17 | 2,82,592 | ജിൽസൺ |

| | | | | |
|---|---|---|---|---|
| നെടുമ്പായിൽ കോളനി റോഡ് | | dt. 31-3-17 | | ആന്റണി |

മേൽ പറഞ്ഞ പ്രകാരം First & Part Bill ആയി 2,82,592/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. തുടർ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും കാലതാമസത്തിന് കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതുമാണ്.

## 3-10 വട്ടമാവ് എസ്.സി. കോളനി അംഗൻവാടി വികസനം - ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു.

പ്രോജക്ട് നമ്പർ - 21/17

പ്രോജക്ടിന്റെ പേര് - വട്ടമാവ് എസ്.സി. കോളനി അംഗൻവാടി വികസനം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സി. എഞ്ചിനീയർ.

അടങ്കൽ - 5,24,100/-

ചെലവ് - 5,05,232/-

ട്രഷറി ബിൽ നമ്പർ - 21`/16-17 തീ - 27-3-17

കരാറുകാരൻ - സി.എം. ബിജു.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കടവല്ലൂർ പഞ്ചായത്തിലെ വട്ടമാവ് എസ്.സി. കോളനി അംഗൻവാടി നം. 6 വികസന പദ്ധതിയിൽ ചുറ്റുമതിലും, അംഗൻവാടി മുറ്റം ഷീറ്റിടൽ, ടൈൽ വിരിക്കൽ, കൂടാതെ മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിന് അംഗീകാരം കിട്ടി പ്രവൃത്തി ആരംഭിക്കുകയും, കോമ്പൗണ്ട് വാൾ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. കോമ്പൗണ്ട് വാൾ പണിയുന്നതിന് പഞ്ചായത്തിൽ നിന്നും സ്ഥലത്തിന്റെ Boundary Pegmark ചെയ്ത് ലഭിക്കാത്തതിനാലും, 2015-16 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തിയായതിനാലും ചെയ്ത പ്രവൃത്തി വെച്ച് ഫയൽ ക്ലോസ് ചെയ്യുകയും, ചെയ്ത തീർത്ത പ്രവൃത്തിയുടെ (Part Bill) തുക കരാറുകാരന് കൈമാറുകയും ചെയ്തു. അംഗൻവാടി വികസന പ്രവർത്തികളിൽ പ്രഥമ പരിഗണന നൽകി പ്രോജക്ടിൽ ഉൾപ്പെടുത്തിയ ചുറ്റുമതിൽ നിർമ്മാണത്തിനായി Boundary Pegmark ചെയ്ത് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (ഓഡിറ്റ് എൻക്വയറി നമ്പർ 13/16-17 തീയതി - 20-11-2017) നടത്തിയപ്പോൾ ലഭിച്ച മറുപടിയിൽ പ്രവൃത്തിയുടെ Boundary Details ലഭിച്ചിട്ടുണ്ടെന്നും, പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണെന്നും അറിയിച്ചു. പ്രസ്തുത അംഗൻവാടി സ്ഥല പരിശോധന നടത്തിയപ്പോൾ ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നതായി ബോധ്യപ്പെട്ടു. സമയബന്ധിതമായി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതാണ്.

## 3-11 ഇന്റസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ - പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയില്ല.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 4 തൊഴിൽ പരിശീലന പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിനായി ഇന്റസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്ടുകളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ടി

പ്രോജക്ടുകൾക്കായി 10,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതു മൂലം പട്ടികജാതി വനിതകൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നേടുന്നതിനുള്ള അവസരം നഷ്ടമാവുകയും തൻവർഷം ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ പാഴാവുകയും ചെയ്തു. പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-12 പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം - അപാകതകൾ

പ്രോജക്ട് നമ്പർ - 113/17.

അടങ്കൽ - 5,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ.

ബിൽ നമ്പർ - 01//16-17 തീയതി - 24.12.16 തുക 90,000/- രൂപ

ബിൽ നമ്പർ - 02/16-17 തീയതി - 24.12.16 തുക 2,50,000/- രൂപ

ബിൽ നമ്പർ - 03/16-17 തീയതി - 30.12.17 തുക 1,00,000/- രൂപ

ബിൽ നമ്പർ – 04/16-17 തീയതി – 15-2-17 തുക 60,000/- രൂപ

ആകെ ചെലവ് - 5,00,000/- രൂപ

മേൽ പദ്ധതി പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2016-17 വർഷത്തിൽ 10 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹത തെളിയിക്കുന്ന രേഖകളും പരിശോധിച്ചതിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ 3 പേരുടെ (സതീശൻ. കെ.സി, വിജീഷ്. കെ.വി, സാൽവിൻ.കെ.യു) പഞ്ചായത്ത് അംഗീകരിച്ച ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റ് മാത്രമെ ഹാജരാക്കിയിട്ടുള്ളു. മറ്റുള്ള 7 അപേക്ഷകരുടെ ഗ്രാമസഭാ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം (ഓഡിറ്റ് എൻക്വയറി നമ്പർ 03/16-17 തീയതി - 17-11-2017) നടത്തിയപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ, പഞ്ചായത്തുകളിലേക്ക് ഗ്രാമസഭാ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടും യഥാസമയം ലഭ്യമാകാത്തതിനാൽ പത്ര പരസ്യം നൽകി അപേക്ഷ ക്ഷണിക്കുകയും, ലഭ്യമായ അപേക്ഷകളിൽ നിന്ന് അർഹരായവരെ തെരഞ്ഞെടുത്ത് ധനസഹായം വിതരണം ചെയ്യുകയുമാണുണ്ടായത് എന്നറിയിച്ചു. ഇത് ക്രമ വിരുദ്ധമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് ഉറപ്പുവരുത്തിയ ശേഷമേ ധനസഹായം നൽകാവൂ. ധനസഹായം വിതരണം ചെയ്യുന്ന സംഗതികളിൽ മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-13 പി.എം.എ.വൈ അധിക വിഹിതം - ജനറൽ , എസ്.സി പദ്ധതികൾ - അപാകതകൾ

ജനറൽ : പ്രോജക്ട് നം. 149/17

ബിൽ നം. 19/16-17 തി. 10.3.17 തുക 384000

എസ്.സി : പ്രോജക്ട് നം. 150/17

ബിൽ നം. 20/16-17 തി. 10.3.17 തുക 288000

അപാകതകൾ

1. മേൽ രണ്ട് പദ്ധതികളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

2. ജനറൽ പദ്ധതിയിൽ 12 ഗുണഭോക്താക്കൾക്ക് 32000 രൂപ വീതമാണ് ബ്ലോക്ക് വിഹിതം അനുവദിച്ചിരിക്കുന്നത്. എന്നാൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി മുകേഷ്.എ.എം, s/o മോഹനൻ, എഴുത്തുപുരയ്ക്കൽ വീട്, കാട്ടകാമ്പാൽ, ഇബ്രാഹിം.കെ.എ, കറുപ്പംവീട്ടിൽ കിരാലൂർ എന്നിവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

3. എസ്.സി പദ്ധതിയിൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 9 പേർക്ക് ആനുകൂല്യം നൽകിയതിൽ ജ്യോതിഷ്.കെ.എ, s/o അനന്തൻ, കടമാന്തോട്ടിൽ, തയ്യൂർ, വേലൂർ, അപ്പു.സി.എസ്., s/o ശങ്കരൻ ചിറ്റിലപ്പിള്ളി വീട്, വേലൂർ എന്നിവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

4. എസ്.സി പദ്ധതിയിൽ സുമതി വിശ്വംഭരൻ, ചിറ്റിലങ്ങാട്, ഇയ്യാൽ, കടങ്ങോട് എന്നവർക്ക് ബ്ലോക്ക് വിഹിതം കൈമാറുന്നതിനായി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ടിയാരി തുക കൈപ്പറ്റിയതായി ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തി കാണുന്നില്ല.

സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം കൈമാറുന്ന തുക അതാത് ഗുണഭോക്താക്കൾക്ക് തന്നെ വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ക്രമ നം. 2, 3 എ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് നൽകിയ 1,28,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 നായാടി കോളനി സമഗ്രവികസനം - റോഡ് കോൺക്രീറ്റ് ചെയ്യുതിലൂടെ കോളനി വാസികളുടെ യാത്രാ ക്ളേശത്തിന് പരിഹാരമായി.

പ്രോജക്ട് നമ്പർ - 92/17

പ്രോജക്ടിന്റെ പേര് - നായടി കോളനി സമഗ്ര വികസനം.

അടങ്കൽ - 5,00,000/-

ചെലവ് - 4,19,842/-

ട്രഷറി ബിൽ നമ്പർ - 25/16-17, തീയതി : 31-03-17.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ നായാടി കോളനിയിലേക്കുള്ള റോഡ് വളരെ കുത്തനെ കയറ്റം ഉള്ളതും, സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമായിരുന്നു. ആയതിനാൽ കോളനിയിലേക്കുള്ള ഗതാഗതം ദുഷ്കരവും, എന്തെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന അവസ്ഥയിലുമായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം നായാടി കോളനി സമഗ്ര വികസനം എന്ന പ്രോജക്ടിൽ റോഡ് കേടുവന്ന ഭാഗം കോൺക്രീറ്റ് ചെയ്ത് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും പ്രസ്തുത പദ്ധതി പൂർത്തിയാക്കുകയും ചെയ്തു. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ കോൺക്രീറ്റ് പ്രവൃത്തി കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കിയിട്ടുള്ളതായും, കോളനി വാസികളുടെ യാത്രാ ക്ലേശം പരിഹരിക്കപ്പെട്ടിട്ടുള്ളതായും ബോദ്ധ്യപ്പെട്ടു. പ്രദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി അടിയന്തിര പ്രധാന്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഈ പ്രവൃത്തി മികച്ച രീതിയിൽ ലക്ഷ്യം കൈവരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-15 ഐ.എ.വൈ ഭവന നിർമ്മാണം-അപാകതകൾ

1. നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ച് നാളിതുവരെ പൂർത്തീകരിക്കാത്ത എസ്.സി , ജനറൽ ഗുണഭോക്താക്കളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരു വിവരം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി |
|---|---|---|---|
| ജനറൽ | | | |
| 1 | ഉമൈബ, w/o ഷാജഹാൻ മാളിയേക്കൽ ഹൗസ്,കടവല്ലൂർ | 17500 | 27.11.15 |
| 2 | ഷെമി, w/o ജോസഫ് ചക്രമാക്കിൽ വീട് ആളൂർ, മറ്റം | 107500 | 27.12.16 |
| 3 | രാജി രാമൻ, ചെറുകുന്നത്ത് തോന്നല്ലൂർ, വേലൂർ | 122500 | 6.5.16 |
| 4 | ഗിരിജ, w/o ആനന്ദൻ കരുമത്തിൽ ഹൗസ് ചിറമനേങ്ങാട്, കടങ്ങോട് | 169500 | 19.10.16 |
| 5 | ഷീല തോമസ്സ്,ചക്രമാക്കിൽ ഹൗസ്, തലക്കോട്ടുകര, ചൂണ്ടൽ | 37500 | 28.3.16 |
| എസ്.സി | | | |
| 1 | തങ്ക കോരൻ, പെരുമ്പിള്ളി ഹൗസ് മണലി, ചൂണ്ടൽ | 17500 | 13.11.15 |
| 2 | ദീപ. സി.പി, പണിക്കത്തുപറമ്പിൽ കാട്ടകാമ്പാൽ | 17500 | 24.3.16 |
| 3 | രജിത സുനിൽകുമാർ പെരുമ്പിള്ളി പറമ്പ്, കാട്ടകാമ്പാൽ | 65500 | 11.8.16 |
| 4 | മിനിമോൾ, മുള്ളത്തുവളപ്പിൽ ഒറ്റപ്പിലാവ് , കടവല്ലൂർ | 17500 | 23.11.15 |
| 5 | ഉദയ ( ചന്ദ്രിക), w/o പ്രദീപ് കുമാർ മണ്ണാൻകുന്ന്, നടുവിൽ പുരയ്ക്കൽ | 17500 | 30.1.16 |
| 6 | ചെറങ്ങാടി, ചാത്തക്കുട്ടി തെക്കുട്ട് വളപ്പിൽ, കടങ്ങോട് | 157500 | 23.8.16 |
| 7 | കാർത്ത്യായനി, കുന്നത്ത്പുരയ്ക്കൽ ഹൗസ് വേലൂർ | 17500 | 30.3.16 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. ബില്ല് പ്രകാരം മാറുന്ന തുകകൾ അതാത് ഗുണഭോക്താക്കൾക്ക് കൈമാറുന്നില്ല.

ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ട്രഷറി ബില്ല് പ്രകാരം മാറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകകൾ ബില്ലിനോടൊപ്പം സമർപ്പിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കൾക്കല്ല വിതരണം ചെയ്യുന്നത്. ബില്ല് പ്രകാരം മാറി വിതരണം ചെയ്യാത്ത ഏതാനും ഗുണഭോക്താക്കളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം / പേര് | ട്രഷറി ബിൽനം, തിയതി/ തുക | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 151/17 IAY പദ്ധതി 15-16 വർഷത്തെ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം | 16/16-17 /28.2.17 തുക 1600000 40000 (രൂപ വീതം) | 1. ദേവയാനി,w/o രമണൻ മേലൂട്ട് ഹൗസ്, ചൂണ്ടൽ | |
| | | 2. തങ്ക കോരൻ പെരുമ്പിള്ളി ഹൗസ് മണലി, ചൂണ്ടൽ | ടിയാരി നാളിതുവരെ 17500 രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. |
| | | 3.രജിതസുനിൽകുമാർ പെരുമ്പിള്ളി പറമ്പ്, കാട്ടകാമ്പാൽ | ടിയാരി നാളിതുവരെ 65500 രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. |
| 148/17, 15-16 വർഷത്തെ ഗുണഭോക്താക്കൾക്ക് അധിക വിഹിതം | 11/16-17 /27.1.17 തുക 2140000 ( 40000 രൂപ വീതം) | 1. ശാന്തിനി,ചിറയിൽ വീട്, കടവല്ലൂർ<br>2.മിനിമോൾ മുള്ളത്തുവളപ്പിൽ ഒറ്റപ്പിലാവ് , കടവല്ലൂർ<br>3. ഉദയ ( ചന്ദ്രിക) w/o പ്രദീപ് കുമാർ മണ്ണാൻകുന്ന്, നടുവിൽ പുരയ്ക്കൽ<br>4. ജാനകി പ്രശാന്ത് കുന്നത്ത് പറമ്പിൽ കരിക്കാട്<br>5. രജിത അനിൽകുമാർ പൊയിലിയിൽ ഹൗസ് കടങ്ങോട് | നാളിതുവരെ ഒരു ഗഡു മാത്രമാണ് കൈപ്പറ്റിയത് " " |
| 87/17, 15-16 വർഷത്തെ ഗുണഭോക്താക്കൾക്ക് അധിക വിഹിതം | 8/16-17 /24.11.16 തുക 1056000 ( 32000 വീതം) | 1.ചെറങ്ങാടി,ചാത്തക്കുട്ടി തെക്കൂട്ട് വളപ്പിൽ കടങ്ങോട്<br>2.കുഞ്ഞമ്മ,w/o ചാത്തൻ തോലത്ത് പറമ്പിൽ കാട്ടകാമ്പാൽ | |

പിൻവലിക്കുന്ന തുകകൾ അതാത് ഗുണഭോക്താക്കൾ ക്ക് തന്നെ വിതരണം ചെയ്യുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

III. 2015-16 ലെ ഐ.എ.വൈ ഭവന നിർമ്മാണ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം എന്ന പദ്ധതിയിൽ (പ്രോജക്ട് നം. 24/17) 5 പേർക്ക് 50000 രൂപ വീതം സംസ്ഥാന വിഹിതം നൽകുന്നതിനാണ് ബിൽ നം. 10/16-17 തി. 24.11.16 പ്രകാരം തുക പിൻവലിച്ചിരിക്കുന്നത്. തുക പിൻവലിക്കുന്നതിന് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ബില്ല് മാറുന്നതിന് മുമ്പ് തന്നെ തുക കൈപ്പറ്റിയതായി കാണുന്നു. പിൻവലിക്കുന്ന തുകകൾ അതാത് ഗുണഭോക്താക്കൾക്ക് തന്നെ വിതരണം ചെയ്യാത്തത് മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നത് . ആയത് ശ്രദ്ധിക്കേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര് വിവരം | തുക / കൈപ്പറ്റിയ തിയതി |
|---|---|
| തങ്ക,w/o ചാത്തുക്കുട്ടി<br>കുറുപ്പത്ത് വീട് , കണ്ടാണശ്ശേരി | 50000/14.3.16 |
| സുശീല,w/o വാസു<br>കാഞ്ഞുള്ളി വടക്കുട്ടിൽ,കടങ്ങോട് | 50000/9.9.16 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1 | ഭൂജല വകുപ്പ് | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 61/14-15 | 435000 | 0 | 440000 | പൂർത്തീകരിച്ചിട്ടില്ല |
| | | | 02/14-15 | 5000 | | | |
| | | | ആകെ | 440000 | | | |
| 2 | -do- | നമ്പിടിപ്പറമ്പ് കുടിവെള്ള പദ്ധതി | 62/14-15 | 258939 | 258939 | 0 | പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം 18.4.17 നാണ് ലഭിച്ചത് |
| 3 | -do- | ആനക്കല്ല് കുടിവെള്ള പദ്ധതി | 38/15-16 | 800000 | 800000 | 0 | പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം 24.5.17 നാണ് ലഭിച്ചത് |
| 4 | -do- | നായാടികോട്ട കുടിവെള്ള പദ്ധതി | 39/15-16 | 975000 | 975000 | 0 | പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം 11.7.17 നാണ് ലഭിച്ചത് |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 2007-08, 2008-09 | 3.7.3 | ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമം നടത്തിവരുന്നു |
| 2003-04 | 3-4എ, 3-4ബി, 3-8 | 2007-08, 2008-09 | 3.7.4 | ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55680454 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60545620 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1315970 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,55,500 | കെ.വി. രാമചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ( ഇൻ ചാർജ്ജ്) |

| | | |
|---|---|---|
| 3-2 | 3,00,000 | ജയശ്രീ.എസ്, ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| 3-3 | 6,19,000 | ഡോ.സന്ദീപ്.ആർ, സൂപ്രണ്ട്, സി.എച്ച്.സി., പഴഞ്ഞി |
| 3-4 | 28,000 | റീന ജോൺ അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. |
| 3-6 | 85,470 | സി.ജി.പീറ്റർ അസി.എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-13 | 1,28,000 | കെ.വി.രാമചന്ദ്രൻ, സെക്രട്ടറി |
| ആകെ | 13,15,970 | |

(സി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96,96-97,97-98 | എൽ.എഫ്.ടി.10 – 187/99/ 19.7.99 |
| 98-99 | എൽ.എഫ്.ടി.21 – 2683/06, തി. 23.5.07 |
| 99-2000 | എൽ.എഫ്.ടി.21 – 2684/06, തി. 22.6.07 |
| 2000-01 | എൽ.എഫ്.ടി.21 – 2685/06, തി. 24.5.07 |
| 01-02 | എൽ.എഫ്.ടി.21 – 2318/07, തി. 02.8.08 |
| 02-03 | എൽ.എഫ്.ടി.21 – 2317/08, തി. 02.8.08 |
| 03-04 | എൽ.എഫ്.ടി.21 – 2316/08, തി. 02.8.08 |
| 04-05 | എൽ.എഫ്.ടി.21 – 817/09, തി. 20.7.10 |
| 05-06 | എൽ.എഫ്.ടി.21 – 812/09, തി. 20.7.10 |
| 06-07 | എൽ എഫ് ടി 21 – 813/09 തി. 20.7.10 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി (ബി.പി)– 1875/2012, തി.2.2.13/ 13.5.13 |
| 11-12 | എൽ.എഫ്.ടി. (ബി.പി.)– 2102/2012, തി.8.4.14/ 1.7.14 |
| 12-13 | എൽ.എഫ്.ടി. (ബി.പി)– 1288/2014, തി.10.11.14/ 11.2.15 |

| | |
|---|---|
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി)1185/15 തിയ്യതി:15-10-15/08-12-15 |
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി)622/17തിയ്യതി:31-05-17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ